ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഇതു സംബന്ധിച്ച ശുപാർശകൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

എക്സ്പ്രസ്സ് ഹൈവേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

282 [2339] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന എക്സ്പ്രസ്സ് ഹൈവേ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ ആന്റ് ബി) ILFS കമ്പനിയും കേരള സർക്കാരും ചേർന്ന് ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി "കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി ഉണ്ടാക്കിയിട്ടുണ്ട്. മഞ്ചേശ്വരം മുതൽ പാറശാലവരെയുള്ള അതിവേഗ പാതയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് പ്രകാരം വിശദമായ രൂപരേഖ ഉണ്ടാക്കാനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 2005-ാമാണ്ട് പകുതിയോടുകൂടി ഏകദേശം 200 കി. മീ. പാതയുടെ പണി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

റോഡ്പണികൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനു തീരുമാനങ്ങൾ

283 [2340] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, എൻ. രാജൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പണികൾക്കു കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly